# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3636** | **20/06/2019-ൽ മറുപടിയ്ക്ക്**

## ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീം

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകൾ അണുവിമുക്തമാണോ എന്ന് പരിശോധിക്കുവാൻ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീം എല്ലാ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വ്യക്തമായ വിവരം നൽകുമോ;

**എ)** സർക്കാർ ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ ടീം സൂപ്രണ്ട്, ആർഎം.ഒ, നഴ്സിംഗ് സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത ടീം ആശുപത്രി അണുവിമുക്തമാക്കുന്ന പ്രവർത്തികൾ തുടർച്ചയായി നടത്തി വരുന്നുണ്ട്. ഓപ്പറേഷൻ തിയേറ്ററുകൾ അണുവിമുക്തമാണോ എന്ന് പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ സാമ്പിളുകൾ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബിൽ അല്ലെങ്കിൽ പബ്ലിക് ഹെൽത്ത് ലാബിൽ പരിശോധിച്ച് അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

എല്ലാ ദിവസവും ഓപ്പറേഷൻ കഴിഞ്ഞ ഉടൻ തന്നെ തീയേറ്റർ ക്ലീൻ ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ആഴ്ചയിലും ഫ്യൂമിഗേഷൻ ചെയ്യുകയും ചെയ്യുന്നു. ഓപ്പറേഷൻ തീയേറ്ററിലെ സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് അയയ്ക്കുന്നു. കൂടാതെ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ ടീമിന്റെ പ്രവർത്തനങ്ങളെപ്പറ്റി ജില്ലാതലത്തിലെ മാസാന്ത്യ യോഗത്തിൽ അവലോകനം നടത്താറുമുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ ടീം പ്രവർത്തിക്കുന്നുണ്ട്.

**ബി)** ചെറുകിട സ്വകാര്യ ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ ശുചിത്വ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

**ബി)** നിലവിൽ ചെറുകിട സ്വകാര്യ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ ശുചിത്വ പരിശോധനയ്ക്ക് ആരോഗ്യവകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**